കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ജൂലൈ 24

കാസർകോട് ചൊവ്വ

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## പത്താംതരം, ഹയർസെക്കൻഡറി തുല്യത:

## 10,000 പേരെ രജിസ്റ്റർ ചെയ്യിക്കാൻ പദ്ധതി

പത്താംതരം തുല്യത, ഹയർസെക്കൻഡറി തുല്യതാ കോഴ്സിനു ജില്ലയിൽ ഈ വർഷം 10,000 പേരെ രജിസ്റ്റർ ചെയ്യും. ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു പത്താംതരം തുല്യതാ പഠന കേന്ദ്രവും, ഹയർ സെക്കൻഡറി തുല്യതാ പഠനകേന്ദ്രവും ആരംഭിക്കുന്ന നിലയിലാണ് രജിസ്ട്രേഷൻ സംഘടിപ്പി ക്കുന്നത്. ഏഴാംതരം വിജയിച്ചിട്ടുള്ള 17 വയസ് പൂർത്തിയായിട്ടുള്ളവർക്ക് പത്താംതരം തുല്യതാ കോഴ്സിൽ ചേരാം. കോഴ്സ് ഫീസ് 1850 രൂപ. പട്ടികജാതി പട്ടിക വർഗ വിഭാഗം, അംഗ പരമിതർ എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് രജിസ്ട്രേഷൻ ഫീസ് മാത്രം അടയ്ക്കണം. കോഴ്സ് ഫീസ് സൗജന്യം.

ഔപചാരികമായി പത്താംതരം വിജയിച്ച 22 വയസ് പൂർത്തിയായിട്ടുള്ളവർക്ക് ഹയർസെക്കൻഡറി തുല്യതാ കോഴ്സിനു വേ രജിസ്ട്രേഷൻ ചെയ്യാം. കോഴ്സ് ഫീസ് 2500. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗം,അംഗ പരമിതർ എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് രജിസ്ട്രേഷൻ ഫീസ് മാത്രം അടച്ചാൽമതി. കോഴ്സ് ഫീസ് സൗജന്യം. പത്താംതരം തുല്യത വിജയിച്ചിട്ടുള്ളവർക്ക് പ്രായപരിധി ഇല്ല.ട്രാൻസ് ജെൻഡർ വിഭാഗങ്ങൾക്ക് പഠനം സൗജന്യം. അവർക്ക് പ്രതിമാസം സ്കോളർഷിപ്പും അനുവദിക്കും. എല്ലാ ഞായറാഴ്ചകളിലുമാണ് പഠനക്ലാസുകൾ സംഘടിപ്പിച്ചിരിക്കുന്നത്. സർട്ടിഫിക്കറ്റുകൾ പി.എസ്.സി.അംഗീകൃതമാണ്.തുടർ പഠനത്തിനും,ജോലിയിൽ പ്രമോഷൻ നേടുന്നതിനും സഹായകരം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത്,നഗസഭ,തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെടുക.കന്നഡ മാധ്യമത്തിലും പത്താംതരം,ഹയർസെക്കൻഡറി കോഴ്സുകൾ നടത്തുന്നു്. ഫോൺ: 04994 255507

## കാർഗിൽ വിജയ ദിനം നാളെ

കാർഗിൽ വിജയ ദിനമായ നാളെ(ജൂലൈ 26) രാവിലെ 9.45ന് ജില്ലാ സൈനിക ക്ഷേമ ഓഫീസിന്റെ ആഭിമുഖ്യത്തിൽ കളക്ട്രേറ്റിലെ കാർഗിൽ സ്മാരകത്തിൽ, കാർഗിൽ യുദ്ധത്തിൽ വീരചരമമടഞ്ഞ ധീരജവാന്മാരുടെ സ്മരണക്കായി ജില്ലാ കളക്ടറും ജില്ലാ സൈനിക ക്ഷേമ ഓഫീസരും മറ്റു സംഘടനാ പ്രതിനിധികളും പുഷ്പചക്രം അർപ്പിക്കും. എല്ലാ വിമുക്ത ഭടന്മാരും വിമുക്തഭട വിധവകളും ഈ ചടങ്ങിൽ പങ്കെടുക്കണമെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു.

## പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

വിമുക്ത ഭടന്മാരുടെയും അവരുടെ വിധവകളുടെയും, 2018-19 വർഷവത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് (113 ഓളം വിവിധ കോഴ്സുകൾ) ചേർന്ന് പഠിക്കുന്ന കുട്ടികൾക്കുള്ള പ്രധാന മന്ത്രിയുടെ സ്കോളർഷിപ്പിനുള്ള (പിഎംഎസ്എസ്) അപേക്ഷ ക്ഷണിച്ചു.വിമുക്ത ഭടൻ/വിധവ www.ksb.gov.in എന്ന വെബ്സൈറ്റൽ ഒറ്റ തവണ രജിസ്ട്രേഷൻ ചെയ്ത് ഓൺ ലൈനായി അപേക്ഷ സമർപ്പിക്കണം. 2018 നവംബർ 15 നകം അപേക്ഷ സമർപ്പിക്കണം. അപേക്ഷയുടെ പകർപ്പും അനുബന്ധ രേഖകളും ഒറിജിനൽ സഹിതം

(തുടരും)

അപേക്ഷ സമർപ്പിച്ചു അഞ്ചു ദിവസത്തിനകം ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ പരിശോധനയ്ക്കും തുടർ നടപടിക്കുമായി ഹാജരാക്കണം. അനുബന്ധം 1, 2, 3 പൂരിപ്പിക്കുമ്പോൾ നീല മഷി മാത്രമേ ഉപയോഗിക്കാവൂ. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ സൈനിക ക്ഷേമ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04994256860

## മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും പദ്ധതി; കരട് പട്ടിക പ്രസിദ്ധീകരിച്ചു

ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്കായി അടിസ്ഥാന സൗകര്യ വികസനം, ഗ്രീൻബുക്ക് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ മാറ്റിപ്പാർപ്പിക്കുന്ന സ്ഥലവും വീടും പദ്ധതിയുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചു. ഗുണഭോക്താക്കൾക്ക് പട്ടിക പരിശോധിക്കുന്നതിനും അപ്പീൽ നൽകുന്നതിനും ഇന്ന്(25) വൈകിട്ട് 3.30 മണി വരെ അവസരമുായിരിക്കും. വിശദ വിവരങ്ങൾക്ക് കാസർകോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയവുമായി ബന്ധപ്പെടുക.ഫോൺ: 0467 2202537

## പ്ലംമ്പർ ട്രേഡിൽ സീറ്റൊഴിവ്

പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചെറുവത്തൂർ ഐടിഐയിൽ പ്ലംമ്പർ ട്രേഡിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി ഏതാനും സീറ്റൊഴിവു് ടിസി, എസ് എസ് എൽ സി , സ്വഭാവ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ അസൽ സർട്ടിഫിക്കറ്റ് സഹിതം സ്ഥാപനത്തിലെത്തി അഡ്മിഷൻ നേടാം. ഫോൺ: 04712261425 ,7012956860

## തൊഴിൽരഹിതവേതനം

കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിൽ 2017 ആഗസ്റ്റ് മുതൽ 2018 മാർച്ച് വരെയുള്ള തൊഴിൽരഹിതവേതനം റോൾ നമ്പർ 850 മുതൽ 1404 വരെ ഇന്നും(25) 1405 മുതൽ 1579 വരെ നാളെ(26) വിതരണം ചെയ്യും. വേതനം കൈപ്പറ്റുന്നവർ റേഷൻകാർഡ്, വരുമാന സർട്ടിഫിക്കറ്റ്, ആധാർകാർ/ഇലക്ഷൻ ഐഡന്റിറ്റി കാർഡ്, എംപ്ലോയ്മെന്റ് കാർഡ്, തൊഴിൽരഹിത വേതനം സംബന്ധിച്ച മറ്റ് രേഖകൾ എന്നിവ ഹാജരാക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

## ലക്ചററർ ഒഴിവ്; കൂടിക്കാഴ്ച ഇന്ന്

കാസർകോട് സർക്കാർ അന്ധവിദ്യാലയം കൊമ്പൗിൽ പ്രവർത്തിക്കുന്ന ഗവ.സ്പെഷ്യൽ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിൽ ഫാക്കൽറ്റി ഇൻ സ്പെഷ്യൽ എജുക്കേഷനിൽ നിലവിലുള്ള രു ഒഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തും. ഉദ്യോഗാർഥികൾക്ക് മാനവിക / ശാസ്ത്ര വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും, സ്പെഷ്യൽ എജുക്കേഷനിൽ എം.എഡ് (മെന്റിൽ റിട്ടാർഡേഷൻ ) അല്ലെങ്കിൽ സ്പെഷ്യൽ എജുക്കേഷനിൽ ബി.എഡ് (മെന്റിൽ റിട്ടാർഡേഷൻ) അല്ലെങ്കിൽ സ്പെഷ്യൽ എജുക്കേഷനിൽ ഡിപ്ലോമയും (മെന്റിൽ റിട്ടാർഡേഷൻ), ആർ.സി. ഐ അംഗീകൃത സർട്ടി ഫിക്കറ്റും സ്പെഷ്യൽ സ്കൂളുകളിൽ ര് വർഷകത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും ഉായിരിക്കണം. കൂടിക്കാഴ്ച ഇന്ന് (25) രാവിലെ 11ന് കാസർകോട് വിദ്യഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയത്തിൽ നടത്തും. ഫോൺ: 8086474212

## റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹർ വിവരം അറിയിക്കണം

ഹോസ്ദുർഗ്ഗ് താലൂക്ക് പരിധിയിൽ വരുന്ന മുൻഗണനാ പട്ടികയിൽപ്പെടുന്ന ആറായിരത്തോളം അനർഹരെ കത്തൊൻ കഴിഞ്ഞിട്ടും ഇനിയും മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട റേഷൻ വിഹിതം കൈപ്പറ്റുന്ന അനർഹരായവർ വിവരം അറിയിച്ച് കാർഡിൽ മാറ്റം വരുത്തണമെന്ന് താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു. റേഷൻ കാർഡിൽ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ഉൾപ്പെട്ടിട്ടുങ്കെിലും പ്രതിമാസവരുമാനം 25000 രൂപയിൽ കൂടുതലാണെങ്കിലും മുൻഗണനാ പട്ടികയിൽ ഉൾപ്പെടാൻ പാടില്ല. ഒരു ഏക്കറിൽ അധികം ഭൂമിയുള്ളവർ, നാലുചക്ര സ്വകാര്യ വാഹനമുള്ളവർ, ആയിരം ചതുരശ്ര അടിയിലധികം വലുപ്പമുള്ള വീടുള്ളവർ, ആദായനികുതി നൽകുന്നവർ, എന്നിവരുൾപ്പെട്ട കുടുംബങ്ങൾക്കും മുൻഗണനാ ലിസ്റ്റിൽ സ്ഥാനമുാകാൻ പാടില്ല. ഇത്തരത്തിലുള്ളവർ മുൻഗണനാ കാർഡുള്ളവരാണെങ്കിൽ താഴെ പറയുന്ന മൊബൈൽ നമ്പറുകളിൽ വിവരം അറിയിക്കണം.അനർഹരായവരെ ഒഴിവാക്കിയാൽ മാത്രമേ അർഹരായി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തേ കുടുംബങ്ങളെ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ.

(തുടരും)

അര്‍ഹതയില്ലാതെ മുന്‍ഗണനാ ലിസ്റ്റില്‍ ആനുകൂല്യം കൈപ്പറ്റുന്നവര്‍ക്കെതിരെ നടപടി സ്വീകരിക്കും. റേഷന്‍ സാധനങ്ങള്‍ വാങ്ങിയ വിപണിവില കണക്കാക്കി തുക തിരിച്ചുപിടിക്കും. അനര്‍ഹരായവര്‍ സ്വമേധയാ വിവരം അറിയിക്കണമെന്നും താലൂക്ക് സപ്ലൈ ഓഫീസര്‍ അറിയിച്ചു. ഹോസ്ദുര്‍ഗ്ഗ് താലൂക്ക് സപ്ലൈ ഓഫീസര്‍ : 9188527413, അസി: താലൂക്ക് സപ്ലൈ ഓഫീസര്‍: 9188527517, ഉദുമ റേഷനിംഗ് ഇന്‍സ്പെക്റ്റര്‍: 9188527900, കാഞ്ഞങ്ങാട് റേഷനിംഗ് ഇന്‍സ്പെക്റ്റര്‍: 9188527897, നീലേശ്വരം റേഷനിംഗ് ഇന്‍സ്പെക്റ്റര്‍: 9188527898, തൃക്കരിപ്പൂര്‍ റേഷനിംഗ് ഇന്‍സ്പെക്റ്റര്‍ : 9188527899

## ക്വട്ടേഷന്‍ ക്ഷണിച്ചു

കുടുംബശ്രീ ജില്ലാ മിഷന്റെ ഓഫീസ് ആവശ്യത്തിനായി പ്രൊജക്ടര്‍ വാങ്ങാന്‍ ക്വട്ടേഷന്‍ ക്ഷണിച്ചു. ആഗസ്റ്റ് മൂന്നിന് വൈകുന്നേരം മൂന്നിനകം ക്വട്ടേഷന്‍ സിവില്‍ സ്റ്റേഷനില്‍ പ്രവര്‍ത്തിക്കുന്ന കുടുംബശ്രീ ജില്ലാ മിഷന്‍ ഓഫീസില്‍ ലഭ്യമാക്കണം. കൂടുതല്‍ വിവരങ്ങള്‍ക്ക് കുടുംബശ്രീ ജില്ലാമിഷനുമായി ബന്ധപ്പെടുകയോ കുടുംബശ്രീ വെബ്സൈറ്റ് സന്ദര്‍ശിക്കുകയോ ചെയ്യുക.

## ചന്ദ്രോത്സവത്തിന് 27-ന് സമാപനമാകും

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടക്കുന്ന ചാന്ദ്രപക്ഷത്തിന് 27 ന് സമാപനം. 'മേലാങ്കോട്ട് മുന്നോട്ട് ' പദ്ധതിയുടെ ഭാഗമായി രാഴ്ചയായി സ്കൂള്‍ ശാസ്ത്രരംഗത്തിന്റെ ആഭിമുഖ്യത്തില്‍ നിരവധി പ്രവര്‍ത്തനങ്ങള്‍ക്കാണ് വിദ്യാലയം വേദിയായത്. ആകാശ നിരീക്ഷണം, കലര്‍ കൗതുകം, ബഹിരാകാശ ചിത്രപ്രദര്‍ശനം, വീഡിയോ ഷോ എന്നിവയോടൊപ്പം ഓഡിയോ വീഡിയോ പ്രശ്നോത്തരി എന്നിവയും സംഘടിപ്പിച്ചു. ചൊവ്വാഗ്രഹത്തെ സാക്ഷിയാക്കി ചന്ദ്രഗ്രഹണം നടക്കുമ്പോള്‍ ആ അപൂര്‍വ ആകാശവിസ്മയത്തിന് സാക്ഷിയാകാന്‍ ആറു കേന്ദ്രങ്ങളില്‍ രാത്രി നാല് മണിക്കൂര്‍ നീളുന്ന ജനകീയ ചന്ദ്രോത്സവം സംഘടിപ്പിച്ചാണ് മേലാങ്കോട്ട് പ്രപഞ്ചത്തിലെ അപൂര്‍വ പ്രതിഭാസത്തെ വരവേല്‍ക്കുന്നത്.

പാര്‍ക്കോ അതിയാമ്പൂര്‍, ഫ്രന്റ്സ് കാലിക്കടവ്, നിട്ടടുക്കം അംഗന്‍വാടി, നെല്ലിക്കാട്ട് റെഡ്സ്റ്റാര്‍ ഗ്രന്ഥാലയം, പുതുവൈ ഇ.എം.എസ്.ക്ലബ്ബ്, ബല്ല അഴിക്കോടന്‍ ക്ലബ്ബ് അടമ്പില്‍ എന്നീ കേന്ദങ്ങളില്‍ ശാസ്ത്ര വീഡിയോ ക്ലാസ്, മെഗാ പ്രശ്നോനോത്തരി എന്നിവ ഇതിന്റെ ഭാഗമായി നടക്കും. ചാന്ദ്രയാത്രയുടെ അമ്പതാ് പ്രമാണിച്ച് സ്കൂളിലെ അമ്പത് വിദ്യാര്‍ഥിനികള്‍ ചേര്‍ന്ന് അവതരിപ്പിക്കുന്ന ചാന്ദ്ര ചരിത തിരുവാതിരയാണ് വേറിട്ട മറ്റൊരു പരിപാടി. ബാര ഗവ.ഹൈസ്കൂള്‍ അധ്യാപിക സുനിമോള്‍ ബളാലിന്റേതാണ് രചന.

## ഒ.ഇ.സി. ലംപ്സം ഗ്രാന്‍റ്

ജില്ലയിലെ സര്‍ക്കാര്‍, എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതല്‍ പത്തു വരെ ക്ലാസുകളില്‍ പഠിക്കുന്ന ഒ.ഇ.സി. ലംപ്സംഗ്രാന്റിന് അര്‍ഹരായ വിദ്യാര്‍ത്ഥികള്‍ക്ക് വിതരണത്തിനാവശ്യമായ തുക സ്കൂളുകളുടെ ഔദ്യോഗിക ബാങ്ക് അക്കൗിലേക്ക് ട്രാന്‍സ്ഫര്‍ ചെയ്തിട്ടു്. പ്രധാനാദ്ധ്യാപകര്‍ തുക പിന്‍വലിച്ച് സ്കോളര്‍ഷിപ്പ് പോര്‍ട്ടലില്‍ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റ് പ്രകാരം അര്‍ഹരായ കുട്ടികള്‍ക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

## എല്‍.ബി.എസില്‍ കൂടിക്കാഴ്ച 27-ന്

എല്‍.ബി.എസ് എഞ്ചിനീയറിംഗ് കോളേജില്‍ സിവില്‍ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കല്‍ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷന്‍ എഞ്ചിനീയറിംഗ് വിഭാഗങ്ങളിലും ജിയോളജി വിഭാഗത്തിലും കരാര്‍ അടിസ്ഥാനത്തില്‍ നിയമനം നടത്തുന്നു. എഞ്ചിനീയറിംഗ് വിഷയങ്ങളില്‍ പി.എച്ച്.ഡി/6.5 സി.ജി.പി.എ/ഫസ്റ്റ് ക്ലാസ്സോടുകൂടിയ എം.ടെക്ക്, ഇതര വിഷയങ്ങളില്‍ പി.ജി യും / നെറ്റും/ പി.എച്ച്.ഡി യോഗ്യത ഉള്ളവര്‍ക്കും സര്‍വീസില്‍ നിന്നും വിരമിച്ചവര്‍ക്കും ഇന്റര്‍വ്യൂവില്‍ പങ്കെടുക്കാം. യോഗ്യരായ ഉദ്യോഗാര്‍ത്ഥികള്‍ അസല്‍ സര്‍ട്ടിഫിക്കറ്റുകള്‍ സഹിതം ഈ മാസം 2ന് രാവിലെ 11 മണിക്ക് കോളേജ് ഓഫീസില്‍ ഹാജരാകണം. ഫോണ്‍: 04994 – 250290, 251566

## 2017 ലെ സംസ്ഥാന മാധ്യമ അവാര്‍ഡിന് അപേക്ഷ ക്ഷണിച്ചു

## * അവസാന തീയതി ആഗസറ്റ് അഞ്ച്

മാധ്യമ പ്രവര്‍ത്തകര്‍ക്കുള്ള 2017-ലെ സംസ്ഥാന സര്‍ക്കാര്‍ മാധ്യമ അവാര്‍ഡിന് എന്‍ട്രികള്‍ ക്ഷണിച്ചു. 2017 ജനുവരി ഒന്നു മുതല്‍ ഡിസംബര്‍ 31 വരെ മലയാള പത്രങ്ങളിലും ആനുകാലികങ്ങളിലും വന്ന

(തുടരും)

വികസനോന്‍മുഖ റിപ്പോര്‍ട്ട്, ജനറല്‍ റിപ്പോര്‍ട്ട്, വാര്‍ത്താചിത്രം, കാര്‍ട്ടൂണ്‍ എന്നീ വിഭാഗങ്ങള്‍ക്കും ടിവി വാര്‍ത്താ റിപ്പോര്‍ട്ടര്‍, ക്യാമറാമാന്‍, വീഡിയോ എഡിറ്റര്‍, ന്യൂസ് റീഡര്‍, മികച്ച അഭിമുഖം എന്നീ വിഭാഗങ്ങള്‍ക്കുമാണ് അവാര്‍ഡുകള്‍ നല്‍കുന്നത്.

വികസനോന്‍മുഖ റിപ്പോര്‍ട്ടിംഗ്, ജനറല്‍ റിപ്പോര്‍ട്ടിംഗ്, കാര്‍ട്ടൂണ്‍ അവാര്‍ഡുകള്‍ക്കായി അവ പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഒറിജിനല്‍ കട്ടിങ്ങിനു പുറമേ മൂന്നു പകര്‍പ്പുകള്‍ കൂടി അയയ്ക്കണം. വാര്‍ത്താചിത്രത്തിന്റെ 10 ഗുണം 8 വലിപ്പത്തിലുള്ള നാല് പ്രതികളും ചിത്രം അച്ചടിച്ച പത്രത്തിന്റെ ഒരു കോപ്പിയും അയയ്ക്കേതാണ്.

മലയാളം ടിവി ചാനലുകളിലെ വാര്‍ത്താ ബുള്ളറ്റിനില്‍ സംപ്രേഷണം ചെയ്ത ഏഴുമിനിറ്റില്‍ കവിയാത്ത റിപ്പോര്‍ട്ടുകളുടെ ഡിവിഡി ഫോര്‍മാറ്റ് സമര്‍പ്പിക്കണം. എന്‍ട്രിയോടൊപ്പം ടൈറ്റില്‍, ഉള്ളടക്കം, ദൈര്‍ഘ്യം, വിവരണപാഠം എന്നിവ എഴുതി നല്‍കണം. ഒരു സ്റ്റോറി പലഭാഗങ്ങളായി സമര്‍പ്പിക്കാതെ സമഗ്രസ്വഭാവത്തോടുകൂടിയ ഒരു വാര്‍ത്താ റിപ്പോര്‍ട്ടായാണ് സമര്‍പ്പിക്കേത്.

പ്രസിദ്ധപ്പെടുത്തിയ പത്രം/ടിവി ചാനല്‍ എന്നിവയുടെ പേര്, തീയതി, മാധ്യമപ്രവര്‍ത്തകന്റെ ഫോട്ടോ അടങ്ങിയ ബയോഡാറ്റ എന്നിവ എന്‍ട്രിയോടൊപ്പം മറ്റൊരു പേജില്‍ ചേര്‍ത്തിരിക്കണം. ഒരാള്‍ക്ക് ഒരു വഭാഗത്തില്‍ പരമാവധി രു എന്‍ട്രികള്‍ അയയ്ക്കാം. ഓരോ എന്‍ട്രിയും പ്രത്യേകം കവറില്‍ ആയിരിക്കണം അയയ്ക്കേത്. കവറിന് പുറത്ത് മത്സരവിഭാഗം ഏതെന്ന് രേഖപ്പെടുത്തിയിരിക്കണം. എന്‍ട്രി അപേക്ഷകന്‍ തയാറാക്കിയതാണെന്നതിന് ന്യൂസ് എഡിറ്ററുടേയോ മറ്റു അധികാരിയുടേയോ സാക്ഷ്യപത്രവും വയ്ക്കണം.

എന്‍ട്രികള്‍ 2018 ആഗസ്റ്റ് അഞ്ചിന് വൈകിട്ട് അഞ്ചു മണിക്കകം ഡയറക്ടര്‍, ഇന്‍ഫര്‍മേഷന്‍ ആന്‍ഡ് പബ്ലിക് റിലേഷന്‍സ് വകുപ്പ്, ഗവണ്‍മെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തില്‍ ലഭിക്കണം.

## പാര്‍ട്ട് ടൈം ഉറുദു അധ്യാപക ഒഴിവ്

പനയാല്‍ എസ്.എം.എ.യു.പി.സ്കൂളില്‍ നിലവിലുള്ള ഒരു പാര്‍ട്ട് ടൈം ഉര്‍ദു തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തില്‍ നിയമനം നടത്തുന്നു. കൂടിക്കാഴ്ച ഈ മാസം 30-ന് രാവിലെ 10.30 ന് മിനി സിവില്‍ സ്റ്റേഷനിലുള്ള കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ഓഫീസില്‍ നടത്തുന്നു. ഉദ്യോഗാര്‍ത്ഥികള്‍ അസ്സല്‍ യോഗ്യതാ സര്‍ട്ടിഫിക്കറ്റുകളും, ആയതിന്റെ പകര്‍പ്പുകളും സഹിതം ഹാജരാകേതാണ്.

## ബീഡി-ചുരുട്ട് തൊഴിലാളികള്‍ക്ക്
## പൂരക വേതനത്തിന് അപേക്ഷിക്കാം

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധിയില്‍ അംഗങ്ങളായി അംശദായം അടച്ച് വരുന്ന തൊഴിലാളികളും സ്വയം തൊഴിലില്‍ ഏര്‍പ്പെട്ടിരിക്കുന്നവരും സാമ്പത്തിക താങ്ങല്‍ പദ്ധതി പ്രകാരമുള്ള പൂരക വേതനത്തിനുള്ള അപേക്ഷ ആഗസ്റ്റ് നാലിന് മുമ്പായി കണ്ണൂര്‍ എ.കെ.ജി ആശുപത്രിക്ക് പിറകുവശത്ത് പ്രവര്‍ത്തിക്കുന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തില്‍ എത്തിക്കണമെന്ന് അറിയിച്ചു. അപേക്ഷാഫോം ബന്ധപ്പെട്ട തൊഴിലുടമ/സ്ഥാപനങ്ങള്‍ക്ക് അയച്ചു കൊടുത്തിട്ട്. തൊഴിലുടമകളുടെ സാക്ഷ്യപത്രം സഹിതം വേണം അപേക്ഷ സമര്‍പ്പിക്കാന്‍. സ്വയം തൊഴിലില്‍ ഏര്‍പ്പെട്ടവര്‍ ബന്ധപ്പെട്ട മേഖലയിലെ രജിസ്ട്രേഡ് ട്രേഡ് യൂനിയനുകളുടെ സാക്ഷ്യപത്രം സഹിതമാണ് അപേക്ഷിക്കേത്. ഫോണ്‍: 0497 2706133

## സ്ഥാപനങ്ങളുടെ വിവരശേഖരണം

ഓട്ടിസം, സെറിബ്രല്‍ പാള്‍സി, ബുദ്ധിമാന്ദ്യം, ബഹുവിധ വൈകല്യം എന്നീ എന്നീ വിഭാഗങ്ങളില്‍പ്പെട്ട വൈകല്യബാധിതരുടെ തൊഴില്‍ പരിശീലനത്തിനും പുനരധിവാസത്തിനുമായി ജില്ലയില്‍ പ്രവര്‍ത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചും 18 വയസ്സിന് മുകളില്‍ പ്രായമുള്ള ഒരു സ്ഥാപനത്തിലും പോകാതെ വീട്ടിലിരിക്കുന്ന മേല്‍ വിഭാഗത്തില്‍പ്പെട്ടവരെ സംബന്ധിച്ചും ജില്ലാ തലത്തില്‍ വിവരശേഖരണം നടത്തുന്നു. ഈ മാസം 30-നു മുമ്പായി വിവരം ജില്ലാ സാമൂഹ്യനീതി വകുപ്പില്‍ അറിയിക്കേതാണ്.

## സ്വാതന്ത്ര്യ ദിനാഘോഷത്തിന് ഒരുക്കങ്ങള്‍ തുടങ്ങി

ജില്ലയില്‍ സ്വാതന്ത്ര്യ ദിനാഘോഷം വര്‍ണാഭമായി സംഘടിപ്പിക്കുന്നതിന് കളക്ട്രേറ്റില്‍ ജില്ലാ കളക്ടറുടെ ചുമതലയുള്ള എഡിഎം എന്‍.ദേവീദാസിന്റെ അധ്യക്ഷതയില്‍ ചേര്‍ന്ന യോഗം തീരുമാനിച്ചു. പോലീസ്, എക്സൈസ്, സ്കൗട്ട്, ഗൈഡ്സ്, റെഡ്ക്രോസ് തുടങ്ങിയ സംഘങ്ങളുടെ പരേഡും കലാപരിപാടികളും

(തുടരും)

മുനിസിപ്പൽ ഗ്രൗിൽ അരങ്ങേറും. പരേഡും സ്വാതന്ത്ര്യ ദിനാഘോഷവും തികച്ചും പരിസ്ഥിതി സൗഹൃദമായിരിക്കും. ഓഗസ്റ്റ് 10, 11 തീയതികളിൽ ഉച്ചയ്ക്കുശേഷം രിനും 13-ന് രാവിലെ എട്ടിനും പരേഡിന്റെ റിഹേഴ്സൽ നടക്കും. കാസർകോട് ആർഡിഒ അബ്ദുസമദ്, ഡിവൈഎസ്പി അസൈനാർ, അസി. കമാന്റ് പ്രേമകുമാർ, വിവിധ വകുപ്പ മേധാവികൾ, വിദ്യാലയ അധികൃതർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ഗ്രാമീൺ കൗശല്യ യോജന ബോധവൽക്കരണ ക്യാമ്പ് ആരംഭിച്ചു

കുടുംബശ്രീവഴി ഗ്രാമപ്രദേശങ്ങളിലെ യുവതീ യുവാക്കൾക്കായി നടപ്പിലാക്കുന്ന ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി സംഘടിപ്പിക്കുന്ന ഐഇസി പ്രചരണ പ്രവർത്തനങ്ങൾക്ക് ജില്ലയിൽ തുടക്കമായി. ഇതിന്റെ ഭാഗമായി സിഡിഎസ് ചെയർപേഴ്സമാർക്കും പഞ്ചായത്ത് തല റിസോഴ്സ് പേഴ്സമാർക്കുമുള്ള ഏകദിന കപ്പാസിറ്റി ബിൽഡിംഗ് ശിൽപശാല 23 ന് കാഞ്ഞങ്ങാട് വ്യാപാരഭവൻ ഹാളിൽ കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ ടി.ടി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രോഗ്രാം മാനേജർ എം.രേഷ്മ സ്വാഗതം പറഞ്ഞ ചടങ്ങിൽ എ.ഡി.എം.സി പി.ജോസഫ് അദ്ധ്യക്ഷനായി. വിവിധ ജില്ലകളിലെ പരിശീലന ഏജൻസി പ്രതിനിധികൾ കോഴ്സ് വിവരങ്ങളും ജോലി സാദ്ധ്യതകളും പങ്കുവച്ചു. പ്രചരണ പരിപാടിയുടെ ഭാഗമായി വിവിധ തലങ്ങളിൽ സംഘടിപ്പിക്കേ പ്രവർത്തനങ്ങളെക്കുറിച്ച് ശിൽപശാലയിൽ ചർച്ച ചെയ്തു.

ജില്ലാതല പരിശീലന പരിപാടികൾക്ക് ശേഷം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങളെയും ബ്ലോക്കിലെ പഞ്ചായത്ത് പ്രസിഡന്റുമാർ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, സി ഡി എസ് ചെയർപേഴ്സമാർ തുടങ്ങിയവരെയും ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിലും തുടർ പഞ്ചായത്ത് തലം, വാർഡ് തലം, അയൽകൂ' തലം എന്നിങ്ങനെയാണ് അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരും ബ്ലോക്ക് കോർഡിനേറ്റർമാരുമാണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്. പരിശീലന പരിപാടികൾക്ക് ശേഷം ഓരോ അയൽക്കൂട്ട പരിധിയിലെയും യുവതീയുവാക്കളുടെ വിവരശേഖരണം നടത്തി അവർക്ക് അഭിരുചിയുള്ള മേഖലകളിൽ തൊഴിൽ പരിശീലനം നൽകാനാവശ്യമായ നടപടികൾ കുടുംബശ്രീ മിഷൻ സ്വീകരിക്കും.

# സൗജന്യ മത്സര പരീക്ഷാ ക്ലാസ്സ്

ഹോസ്ദുർഗ്ഗ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് 25 ദിവസം ദൈർഘ്യമുള്ള സൗജന്യ മത്സര പരീക്ഷാ പരീശില ക്ലാസ്സ് സംഘടിപ്പിക്കുന്നു. ഹോസ്ദുർഗ്ഗ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ (എസ്.എസ്.എൽ.സി പാസ്സും അതിൽ കൂടുതലും യോഗ്യതയുള്ളവർ) ഓഗസ്ത് പത്തിനകം ഹോസ്ദുർഗ്ഗ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ് സഹിതം നേരിട്ട് ഹാജരായി അപേക്ഷ സമർപ്പിക്കേതാണ്. ഫോൺ- 04672-209068

# റാങ്ക് പട്ടിക റദ്ദായി

കാസർഗോഡ് ജല്ലയിൽ എക്സൈസ് വകുപ്പിൽ വനിത എക്സൈസ് ഗാർഡ് തസ്തികയുടെ (കാറ്റഗറി നമ്പർ 261/2014) തെരഞ്ഞെടുപ്പിനായി 04.05.2015 ന് നിലവിൽ വന്ന 159/15/ഡി.ഒ.ബി നമ്പർ റാങ്ക് പട്ടിക 03.05.2018 അർദ്ധരാത്രിയോടെ റദ്ദായി.

# സ്റ്റാഫ് നഴ്സ് റാങ്ക് ലിസ്റ്റ്

ആരോഗ്യ വകുപ്പിൽ കാസർഗോഡ് ജില്ലയിലെ സ്റ്റാഫ് നഴ്സിനായി പി.എസ്.സി നടത്തിയ (കാറ്റഗറി നം.454/2016) പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റ് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ പരിശോധനയ്ക്ക് ലഭ്യമാണ്.

# പാൽ ഗുണബോധവത്കരണം

ക്ഷീരവികസന വകുപ്പ് കാസർഗോഡ് ജില്ലാ ഗുണനിയന്ത്രണ യൂണിറ്റിന്റേയും, കുംകുഴി ക്ഷീരോത്പാദക സഹകരണ സംഘത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ നാളെ (26) കുംക്കുഴി സാംസ്ക്കാരിക നിലയത്തിൽ പാൽ ഗുണബോധവൽകരണ പരിപാടി നടത്തുന്നു.

(തുടരും)

# കള്ള് ഷാപ്പ് വില്പന 1-ന്

കേരള സർക്കാരിന്റെ 2018-19 അബ്കാരി നയപ്രകാരം 2019 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് കാസർകോട് ഡിവിഷനിലെ കാസർഗോഡ് റെയ്ഞ്ചിലെ കള്ള് ഷാപ്പുകളുടെ വില്പന (വാർഷിക റെന്റൽ യഥാക്രമം 23,940 രൂപ, 2,09,340 രൂപ, 1,78,920 രൂപ) ഓഗസ്റ്റ് ഒന്നിന് രാവിലെ 10.30 ന് കാസർഗോഡ് കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നിലവിലുള്ള ലേലവ്യവസ്ഥയ്ക്ക് വിധേയമായി കാസർകോട് ജില്ലാ കളക്ടർ വില്പന നടത്തുന്നു. വില്പനയ്ക്ക് ആർക്കും തന്നെ മുൻഗണന ഉായിരിക്കുന്നതല്ല. ഗ്രൂപ്പ് ഒന്നിലെ കള്ള് ഷാപ്പുകളായ ടി.എസ്.നം 1 ഉളിയത്തടുക്ക, 2 കാസർഗോഡ് ടൗൺ, 3 ആർ.ഡി.നഗർ, 11 നുള്ളിപ്പാടി, 12 തളങ്കര, 13 കുഡ്‌ലു, നീലേശ്വരം റെയ്ഞ്ചിലെ ഗ്രൂപ്പ് നാല് ലെ ടി.എസ്.നം. 15 മാലോം, 16 കൊന്നക്കാട്, 17 നർക്കിലക്കാട്, 18 എളേരിത്തട്ട്, 21 പുങ്ങംചാൽ, 25 കാറ്റാംകവല, ഗ്രൂപ്പ് പത്തിലെ ടി.എസ്.നം. 38 തൃക്കരിപ്പൂർ, 40 ഒളവറ, 57 ഇളംമ്പച്ചി, 58 തട്ടാർക്കടവ്, 59 വലിയപറമ്പ, എന്നീ ഷാപ്പുകളാണ് വിൽക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് കാസർകോട് എക്സൈസ് ഡിവിഷൻ ഓഫീസിലോ, കാസർകോട്/ഹോസ്ദുർഗ്ഗ് എക്സൈസ് സർക്കിൾ ഓഫിസുകളിലോ ബന്ധപ്പെടണം.

# വിവരശേഖരണം

ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ബഹുവിധ വൈകല്യം എന്നീ വിഭാഗങ്ങളിൽപ്പെട്ട വൈകല്യബാധിതരുടെ തൊഴിൽ പരിശീലനത്തിനും പുനരധിവാസത്തിനുമായി ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചും 18 വയസ്സിന് മുകളിൽ ഒരു സ്ഥാപനത്തിലും പോകാതെ വീട്ടിലിരിക്കുന്ന മേൽ വിഭാഗത്തിൽ പ്പെട്ടവരെ സംബന്ധിച്ചും ജില്ലാ തലത്തിൽ വിവരശേഖരണം നടത്തുന്നു. ഈ മാസം 30 ന് മുമ്പായി ജില്ലാ സാമുഹ്യമീതി വകുപ്പിൽ അറിയിക്കണം.

# വെള്ളരിക്കു് വികസനസമിതി 4 ന്

വെള്ളരിക്കു് താലൂക്ക് വികസന സമിതി യോഗം അടുത്തമാസം നാലിന് ഉച്ചയ്ക്ക് രിന് താലൂക്ക് ഓഫിസ് കോൺഫറൻസ് ഹാളിൽ ചേരും.

# വനിത പോലീസ് കോൺസ്റ്റബിൾ
# കായികക്ഷമത 1, 2 തീയിതികളിൽ

പോലീസ് വകുപ്പിൽ വനിതാ കോൺസ്റ്റബിൾ തസ്തിക (സായുധസേന വിഭാഗം - കെ.എ.പി നാല്) എൻ.സി.എ - മുസ്ലീം (മാറ്റിവെക്കപ്പെട്ടത്) (കാറ്റഗറി നം.382/2016) 2 എൻ.സി.എ - പട്ടിക ജാതി (കാറ്റഗറി നം.054/2017) യുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ശാരീരീക അളവെടുപ്പും കായികക്ഷമതാപരീക്ഷയും അടുത്തമാസം ഒന്നും, രും തീയതികളിലായി കാസർകോട് പോലീസ് പരേഡ് ഗ്രൗിൽ നടക്കും. ഇത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ് സന്ദേശം അയച്ചിട്ടു്. പ്രൊഫൈലിൽ നിന്ന് അഡ്മിഷൻ ടിക്കറ്റ് ഡൈൺലോഡ് ചെയ്ത് കമ്മീഷൻ അംഗീകരിച്ച തിരിച്ചറിയൽ കാർഡിന്റെ അസ്സൽ സഹിതം നിർദ്ദിഷ്ട തീയതികളിൽ ഹാജരാകേതാണ്. അറിയിപ്പ് ലഭിക്കാത്തവർ കാസർകോട് ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസുമായി ബന്ധപ്പെടേതാണ്. ഫോൺ- 04994-230102.

# ലീഗൽ ഗാർഡിയൻഷിപ്പ് ഹിയറിംഗ് നടത്തി

നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം നിയമാനുസൃത രക്ഷാകർത്തൃ നിയമനം കൈകാര്യം ചെയ്യുന്നതിനായി ജില്ലയുടെ പല ഭാഗങ്ങളിൽ നിന്നായി ലഭിച്ച 19 അപേക്ഷകളിൽ മേൽ തദ്ദേശതല സമിതി അപേക്ഷകരുടെ കുടുംബങ്ങളുടെ ഹിയറിംഗ് നടത്തി. ഇതിൽ 18 പേർക്ക്സർട്ടിഫിക്കറ്റ് അനുവദിച്ചു. ഒന്ന് അടുത്ത ഹിയറിംഗിന് മാറ്റിവെച്ചു. കളക്ട്രേറ്റ് മിനി കോൺഫറൻസ് ഹാളിൽ എൽ.എൽ.സി ചെയർമാൻ കളക്ടറുടെ ചാർജ്ജ് വഹിക്കുന്ന എഡിഎം എൻ.ദേവീദാസിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഹിയറിംഗിൽ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി സബ്ബ് ജഡ്ജ് ഫിലിപ്പോസ് തോമസ്, ജില്ലാ രജിസ്ട്രാർ ശ്രീനിവാസൻ സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്ര് അബ്ദുൾ റഹിമാൻ, തദ്ദേശതല സമിതി കൺവീനർ രാമചന്ദ്രൻ കെ.വി, മെമ്പർ ഇ.കെ.കൃഷ്ണൻ നായർ എൻ.ജി.ഓ മെമ്പർ സ്ഥാപനത്തിന്റെ പ്രിൻസിപ്പാൾ ബീന സുകു, സാറ്റാഫ് അംഗം ഹരിപ്രസാദ് എ.വി., എന്നിവർ സംബന്ധിച്ചു.

(തുടരും)

## സംരംഭകത്വ ബോധവത്കരണ സെമിനാർ

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സംരംഭങ്ങൾ തുടങ്ങുവാൻ തത്പരരായ സംരംഭകർക്ക് മാർഗ നിർദ്ദേശം നൽകുന്നതിനായി സംരംഭകത്വ ബോധവൽക്കരണ സെമിനാർ നടത്തുന്നു. നാളെ (ജൂലൈ 26) രാവില 10-ന് ചെങ്കള പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ആരംഭിക്കുന്ന പരിപാടിയിൽ പ്രവേശനം മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് നിജപ്പെടുത്തിയിട്ടു്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 8921358781

**ക്യാപ്ഷൻ:** കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അടയ്ക്കയും മനുഷ്യന്റെ ആരോഗ്യവും സംബന്ധിച്ച ശില്പശാല മംഗളൂരു എൻഐടിടിഇ സർവകലാശാല വൈസ് ചാൻസലർ ഡോ. സതീഷ് കുമാർ ഭണ്ഡാരി ഉദ്ഘാടനം ചെയ്യുന്നു.

-അവസാനിച്ചു-